"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് -ശ്രീമതി.ജയശ്രീ.എസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.543/2026/F&P തീയതി,തിരുവനന്തപുരം, 17-09-2026

---

പരാമർശം:-

1. ഫിഷറീസ് ഡയറക്ടറുടെ 09/12/2019-ലെ DFTVM/1555/2019-J1 നമ്പർ കത്ത്
2. 24/06/2021- ലെ A2/317/2019-നമ്പർ ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും.
3. ശ്രീമതി. ജയശ്രീ.എസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ 15/09/2021-ൽ ലഭ്യമാക്കിയ പ്രതിവാദ പത്രിക.
4. ഫിഷറീസ് ഡയറക്ടറുടെ 07/09/2021, 15/10/2021, 18/12/2024, 19/05/2025, 04/03/2026, 18/08/2026 തീയതികളിലെ DFTVM/1555/2019-പി നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ താഴത്തങ്ങാടി, ആല്ലുംമൂട് കടവിൽ കാർപ്പ് മത്സ്യവിത്ത് നിക്ഷേപ പരിപാടിയെ കുറിച്ച് സമൂഹമാധ്യമങ്ങളിൽ വന്ന വാർത്തകളുടെയും മറ്റ് പരാതികളുടെയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല) ,റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കോട്ടയം മുനിസിപ്പാലിറ്റി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 01/10/2019-ാം തീയതി പകൽ 8.30-ന് താഴത്തങ്ങാടി ആല്ലുംമൂട് കടവിൽ 3 ലക്ഷം കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു.600 ഓക്സിജൻ ബാഗുകളിലായി 500 എണ്ണം വീതം മത്സ്യക്കുഞ്ഞുങ്ങൾ പാക്ക് ചെയ്ത് മത്സ്യക്കുഞ്ഞ് നിക്ഷേപത്തിനു വേണ്ടി 01.10.2019-ന് രാവിലെ 5 മണിക്ക് ഫാം പരിസരത്ത് എത്തിച്ചിരുന്നു. എന്നാൽ ഉദ്ഘാടന ചടങ്ങുകൾ ആരംഭിക്കുന്നതിന് മുൻപായി ജനമധ്യത്തിൽ നിന്നും ഒരാൾ ആരോപണവുമായി ചടങ്ങിലേക്ക് വന്ന് വീഡിയോ പകർത്തുകയും മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടു വന്ന ബാഗുകളിൽ 3 ലക്ഷം കുഞ്ഞുങ്ങൾ ഉണ്ടാവില്ല എന്ന അവകാശ വാദം ഉന്നയിക്കുകയും ചെയ്തു.എന്നാൽ എഫ്.എം.സി അംഗങ്ങളുടെയും, കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൻ, വൈസ് ചെയർപേഴ്സൺ മറ്റ് ജനപ്രതിനിധികൾ, ഫിഷറീസ് ഉദ്യോഗസ്ഥർ, പൊതു ജനങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ കോട്ടയം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്ന നിലയിൽ മത്സ്യക്കുഞ്ഞുങ്ങളെ എണ്ണി തിട്ടപ്പെടുത്തി ബോധ്യപ്പെടുത്താമായിരുന്ന സുതാര്യമായ സാഹചര്യം ശ്രീമതി.ജയശ്രീ.എസ് ഉപയോഗപ്പെടുത്തിയില്ലായെന്നത് ഖേദകരമായ

വസ്തുതയാണെന്ന അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ കുറ്റകരമായ രീതിയിൽ ഔദ്യോഗിക കൃത്യവിലോപം കാണിച്ച കോട്ടയം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ജയശ്രീ.എസ്,കോട്ടയം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ (ഇൻചാർജ്ജ്) ശ്രീമതി.ബ്ലെസ്സി ജോഷി എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ഫിഷറീസ് ഡയറക്ടർ പരാമർശം(1) പ്രകാരം ശുപാർശ ചെയ്തിരുന്നു. ആയതിൻപ്രകാരം ശ്രീമതി ജയശ്രീ എസ്-നെതിരെ ലഘുശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു.മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം ശ്രീമതി. ജയശ്രീ എസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും പരാമർശം(2) പ്രകാരം നൽകിയിരുന്നു. ആയതിന്മേൽ ടിയാൾ പരാമർശം(3) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയും തന്നെ നേരിൽ കേൾക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. ആയതിൻ പ്രകാരം മത്സ്യ ബന്ധന തുറമുഖ വകുപ്പ് അണ്ടർ സെക്രട്ടറി 03.06.2026-ന് ടിയാളെ നേരിൽ കേട്ടിരുന്നു.

3. ശ്രീമതി ജയശ്രീ.എസ് സർക്കാരിന് നേരിട്ട് സാമ്പത്തിക നഷ്ടമോ മനഃപൂർവമായ ക്രമക്കേടോ വരുത്തിയിട്ടുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും പരിപാടിയുടെ മേൽനോട്ടം വഹിച്ചിരുന്ന ചുമതലയുള്ള ഉദ്യോഗസ്ഥ എന്ന നിലയിൽ മത്സ്യവിത്ത് സ്വീകരിക്കുന്നതിലും നിക്ഷേപ നടപടികൾക്ക് മേൽ ഫലപ്രദമായ മേൽനോട്ടം ഉറപ്പാക്കുന്നതിലും ആവശ്യമായ ജാഗ്രതയും സൂക്ഷ്മപരിശോധനയും പുലർത്തുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. ശ്രീമതി ജയശ്രീ.എസ്.-നെതിരെയുള്ള ആരോപണങ്ങൾ ഗുരുതരമായ അച്ചടക്ക നടപടിക്ക് പര്യാപ്തമല്ലെങ്കിലും, ഔദ്യോഗിക ചുമതല നിർവ്വഹണത്തിൽ ആവശ്യമായ ജാഗ്രത പാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ പരാതികൾക്കും ഭരണപരമായ സങ്കീർണ്ണതകളും ഇടയാക്കാൻ സാധ്യതയുണ്ട്.

4.ഹിയറിംഗ് വേളയിൽ ശ്രീമതി.ജയശ്രീ എസ് ലഭ്യമാക്കിയിട്ടുള്ള വസ്തുതകളുടെയും ഫിഷറീസ് ഡയറക്ടറുടെ പരാമർശം (4)-ലെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരിപാടിയുടെ മേൽനോട്ടം വഹിച്ചിരുന്ന ചുമതലയുള്ള ഉദ്യോഗസ്ഥ എന്ന നിലയിൽ മത്സ്യവിത്ത് സ്വീകരിക്കുന്നതിലും നിക്ഷേപ നടപടികൾക്ക് മേൽ ഫലപ്രദമായ മേൽനോട്ടം ഉറപ്പാക്കുന്നതിലും ആവശ്യമായ ജാഗ്രതയും സൂക്ഷ്മപരിശോധനയും പുലർത്തുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു.ആയതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം ശ്രീമതി. ജയശ്രീ.എസ്-നെതിരെയുള്ള അച്ചടക്ക നടപടി 'സെൻഷർ' നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. ജയശ്രീ.എസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ശേഖരം (എ2/317/2019-മ.തു.വ)

ഉത്തരവിൻ പ്രകാരം

Digitally signed by
Priya C S
Date: 17-09-2026
17:55:26

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്